# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊഴിഞ്ഞാംപാറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-പി.കെ.ഡി-11/1427/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 07/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊഴിഞ്ഞാംപാറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊഴിഞ്ഞാംപാറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊഴിഞ്ഞാംപാറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-പി.കെ.ഡി-11/1427/22 തീയ്യതി: 07/07/2022

# പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാംപാറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാംപാറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-01-2020 മുതൽ 09-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-06-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ശശിഭൂഷൻ.ഇ | ഡെപ്യൂട്ടി ഡയറക്ടർ | 10-06-2022 | 20-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-06-2022 | 20-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഷർഫുദ്ദീൻ.എസ്.എച്ച്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.സുജാത.എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ശബ്നാദാസ്.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബബിത.എ.കെ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി.രാധ.എൻ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പ്രകാശ്.കെ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.സരിത.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 21-07-2022 |
| ശ്രീ.രവി.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 22-07-2019 | 31-03-2020 |
| ശ്രീ.നിജാമുദ്ദീൻ.എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.എൻ.ജി.വ്യാസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.സന്ധ്യ.എസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ.ഇന്ദു സുന്ദർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ.കെ.ടി.റജിമോൻ | സീനിയർ വെറ്ററിനറി സർജൻ | 01-04-2019 | 23-09-2019 |
| ഡോ.എൻ.രാധാകൃഷ്ണൻ | സീനിയർ വെറ്ററിനറി സർജൻ | 24-09-2019 | 31-03-2020 |
| ശ്രീ.ഉമർ ഫാറൂക്ക് | ഹെഡ് മാസ്റ്റർ | 01-04-2019 | 31-05-2019 |
| ശ്രീമതി.രാജശ്രീ.എസ്.സി | ഹെഡ് മിസ്ട്രസ് | 01-06-2019 | 23-06-2019 |
| ശ്രീമിതി.സുധ.എം | ഹെഡ് മിസ്ട്രസ് | 24-06-2019 | 27-08-2019 |
| ശ്രീമതി.ജോസഫിൻ.ടി | ഹെഡ് മിസ്ട്രസ് | 28-08-2019 | 02-10-2019 |
| ശ്രീ.സുരേഷ് കുമാർ | ഹെഡ് മാസ്റ്റർ | 03-10-2019 | 31-03-2020 |
| ശ്രീമതി.വസന്തകുമാരി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 25-12-2019 |
| ശ്രീമതി.അന്നപൂർണി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 26-12-2019 | 31-03-2020 |
| ശ്രീമതി.ആഷ.ബി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 27-07-2019 |
| ശ്രീ.റമീസ്.പി.മുഹമ്മദ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 28-07-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ.എസ്.രാധാകൃഷ്ണൻ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.സുനിത അലക്സ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: S.Sabna Das (Senior Grade Auditor, On 19-06-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 24-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 14-06-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 14-06-2022) | 1-2 |
| 3 | വാർഷിക കണക്കുകളുടെ പരിശോധന- അപാകങ്ങൾ<br>Written By: S.Sabna Das (Senior Grade Auditor, On 22-06-2022)<br>Last Updated By: S.Sabna Das (Senior Grade Auditor, On 22-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 14-06-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 14-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 16-06-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 24-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 16-06-2022)<br>Last Updated By: Anish A (Computer Assistant, On 06-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 16-06-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 16-06-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: A. Sujatha (Asst. Audit Officer, On 20-06-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 24-06-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: S.Sabna Das (Senior Grade Auditor, On 17-06-2022)<br>Last Updated By: S.Sabna Das (Senior Grade Auditor, On 17-06-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 24-06-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 24-06-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: A. Sujatha (Asst. Audit Officer, On 20-06-2022)<br>Last Updated By: Anish A (Computer Assistant, On 06-07-2022) | 1-10 |
| 12 | ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല<br>Written By: S.Sabna Das (Senior Grade Auditor, On 22-06-2022)<br>Last Updated By: Anish A (Computer Assistant, On 07-07-2022) | 1-11 |
| 13 | ക്ഷീരകർഷകർക്ക് ഇൻസെന്റീവ് നൽകൽ- പാലളവ് സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമായില്ല<br>Written By: S.Sabna Das (Senior Grade Auditor, On 22-06-2022)<br>Last Updated By: Anish A (Computer Assistant, On 07-07-2022) | 1-12 |
| 14 | ഭവന നിർമ്മാണം എസ് സി പി- പദ്ധതി പൂർത്തീകരിച്ചിട്ടില്ല<br>Written By: A. Sujatha (Asst. Audit Officer, On 22-06-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 24-06-2022) | 1-13 |
| 15 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: A. Sujatha (Asst. Audit Officer, On 22-06-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 24-06-2022) | 1-14 |
| 16 | കെ എസ് ഇ ബി മുഖേന നടപ്പിലാക്കിയ പദ്ധതികൾ<br>Written By: A. Sujatha (Asst. Audit Officer, On 22-06-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 24-06-2022) | 1-14-1 |

| | | |
|---|---|---|
| 17 | വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തത്<br>Written By: A. Sujatha (Asst. Audit Officer, On 22-06-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 24-06-2022) | 1-14-2 |
| 18 | മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാതെ തുക അനുവദിച്ചു<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 24-06-2022)<br>Last Updated By: Anish A (Computer Assistant, On 06-07-2022) | 1-15 |
| 19 | എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 24-06-2022)<br>Last Updated By: Anish A (Computer Assistant, On 07-07-2022) | 1-16 |
| 20 | പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 24-06-2022)<br>Last Updated By: Anish A (Computer Assistant, On 07-07-2022) | 1-17 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാതെ തുക അനുവദിച്ചു<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 24-06-2022)<br>Last Updated By: Anish A (Computer Assistant, On 06-07-2022) | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 16-06-2022)<br>Last Updated By: Anish A (Computer Assistant, On 07-07-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 24-06-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 24-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: A. Sujatha (Asst. Audit Officer, On 20-06-2022)<br>Last Updated By: Anish A (Computer Assistant, On 07-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 17-06-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 17-06-2022) | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: A. Sujatha (Asst. Audit Officer, On 14-06-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 24-06-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 17-06-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 17-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 24-06-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 24-06-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 17-06-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 17-06-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 17-06-2022)<br>Last Updated By: Anish A (Computer Assistant, On 06-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| | Written By: S.H.SHARAFUDHEEN (Asst. Audit Officer, On 24-06-2022)<br>Last Updated By: Anish A (Computer Assistant, On 06-07-2022) | |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 17-06-2022)<br>Last Updated By: S.H.SHARAFUDHEEN (Asst. Audit Officer, On 17-06-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രിക- സംക്ഷിപ്തം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

22-02-2019-ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം.1(1) പ്രകാരം 2019-20വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | ₹13455171 |
| പ്രതീക്ഷിത വരവ് | ₹301430552 |
| ആകെ | ₹314885723 |
| പ്രതീക്ഷിത ചെലവ് | ₹313654312 |
| നീക്കിയിരിപ്പ് | ₹1231411 |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2019-20 | 30.07.2020 | 06.06.2020 | - | - |

### 1-2-1 വാർഷിക കണക്കുകളുടെ പരിശോധന- അപാകങ്ങൾ

2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1. ട്രഷറി ടി.എസ്.ബി അക്കൗണ്ടിന്റെ (450250110) 2020 മാർച്ചിലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ റീകൺസൈൽ ചെയ്യിരിക്കുന്ന ബാങ്ക് ബുക്കിലെ നീക്കിയിരിപ്പ്, അക്കൗണ്ട്സ് പ്രകാരമുള്ള നീക്കിയിരിപ്പ് എന്നിവയിൽ വ്യത്യാസമുണ്ട്. 31-03-20 ലെ ബാങ്ക് ബുക്ക് നീക്കിയിരിപ്പ് - 9798308, അക്കൗണ്ട്സ് പ്രകാരമുള്ള നീക്കിയിരിപ്പ് - 9808568

2. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, ബിൽഡിംഗ് റെഗുലറൈസേഷൻ രജിസ്റ്റർ എന്നിവയിൽ വർഷാന്ത്യ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വാർഷിക കണക്കുകളിലെ തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

3. ലോൺ രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

4. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച വിഹിതങ്ങളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5. പ്രോജക്ട് നമ്പർ- 224/20 പ്രകാരം കുടിവെള്ള പദ്ധതികളുടെ മെയിന്റനൻസ് ഇനത്തിൽ തനതു ഫണ്ടിൽ നിന്നും ചെലവഴിച്ച 275838 രൂപയുടെ ചെലവ് സൂലേഖ സ്റ്റേറ്റ്മെന്റിൽ ചെലവായി രേഖപ്പെടുത്തിയിട്ടില്ല.

6. Rent Receivables From Buildings (Current) ഹെഡിലെ നീക്കിയിരിപ്പ് തുക വാടക രജിസ്റ്ററിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

മേൽ പറഞ്ഞ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ്

അന്വേഷണത്തിന്

( നം. 9/18-06-22) മറുപടി ലഭ്യമായില്ല.

അപാകങ്ങൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹48087272 |
| വരവ് | ₹124965480 |
| ആകെ | ₹173052752 |
| ചെലവ് | ₹139652216 |
| നീക്കിയിരിപ്പ് | ₹33400536 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (*) | 0 | 15965560 | 15965560 | 14081976 | 1883584 |
| വികസനഫണ്ട് - എസ്.സി.പി (**) | 0 | 5601765 | 5601765 | 2930720 | 2671045 |
| വികസനഫണ്ട് -ടി.എസ്.പി (***) | | 1644882 | 1644882 | 501618 | 1143264 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 18370000 | 18370000 | 7495995 | 10874005 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 5790000 | 5790000 | 3377738 | 2412262 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അടിസ്ഥാന ഗ്രാന്റ് | 0 | 15364788 | 15364788 | 7172770 | 8192018 |

(*) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് തുകയായ 4132353രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - ജനറൽ വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(**) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് തുകയായ 88235രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - SCP വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(***) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് തുകയായ 44118രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - SCP വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

1. കേന്ദ്രാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 2848278 | 973971 | 3822249 | 0 | 3822249 |
| TSC | 1812028 | 0 | 1812028 | 135203 | 1676825 |

2. തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി. എസ്- അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 8958 | 1528945 | 1537903 | 1531987 | 5916 |
| എം.എൻ.ആർ. ഇ.ജി. എസ്- തൊഴിലാളി കളുടെ വേതനം | 0 | 38064730 | 38064730 | 38064730 | 0 |
| ആകെ | 8958 | 39593675 | 39602633 | 39596717 | 5916 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീ കാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാ ക്കി യത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാ ക്കിയത് (എണ്ണം) | നടപ്പാ ക്കാ ത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|---|
| 224 | 289397615 | 125 | 114213118 | 0 | 99 | 55.8 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 55.80% എണ്ണത്തിന് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 39.47% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാ ക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 2 | 11159480 | 2267232 | 20.32 |
| വെറ്ററിനറി സർജ്ജൻ | 4 | 3 | 3034250 | 835000 | 27.52 |
| മെഡിക്കൽ | 1 | 1 | 7700 | 6200 | 80.52 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ-PHC | | | | | |
| മെഡിക്കൽ ഓഫീസർ-CHC | 1 | 1 | 523870 | 514460 | 98.20 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 500000 | 500000 | 100 |
| വി.ഇ.ഒ | 10 | 9 | 141250447 | 74907200 | 50.03 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 3 | 5283800 | 3326146 | 62.95 |
| സെക്രട്ടറി | 33 | 24 | 65124001 | 7762500 | 11.92 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 145 | 66 | 54928400 | 19681695 | 35.83 |
| എച്ച്.എം | 3 | 2 | 1253000 | 1200000 | 95.77 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 2 | 2947081 | 1304224 | 44.25 |
| അസി.സെക്രട്ടറി | 15 | 10 | 3185586 | 1708461 | 53.63 |
| ആകെ | 224 | 125 | 289397615 | 114213118 | 39.47 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി. എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 8958 | 1528945 | 1537903 | 1531987 | 5916 |
| എം.എൻ.ആർ.ഇ.ജി. എസ്-തൊഴിലാളികളുടെ വേതനം | 0 | 38064730 | 38064730 | 38064730 | 0 |
| ആകെ | 8958 | 39593675 | 39602633 | 39596717 | 5916 |

## 1-7 ക്ഷേമപദ്ധതികൾ

| ക്രമ നം. | ക്ഷേമ പദ്ധതി | വാർഷിക കണക്ക് പ്രകാരം ചെലവ് രേഖപ്പെടുത്തിയ തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 35640 | 31 |
| 2 | കർഷകതൊഴിലാളി പെൻഷൻ | 3254400 | 521 |
| 3 | വിധവാ പെൻഷൻ | 9425400 | 1546 |
| 4 | വാർദ്ധക്യകാല പെൻഷൻ | 12217800 | 1942 |
| 5 | വികലാംഗ പെൻഷൻ | 1521100 | 237 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 222600 | 38 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.06.2022 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 3825 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ ഇടപാടുകളേയും പ്രവർത്തനങ്ങളേയും ഓഡിറ്റ് സാക്ഷ്യപത്രത്തിൽ പറഞ്ഞത് ഒഴികെയുള്ള കാര്യങ്ങളിൽ വാർഷിക കണക്കിൽ പ്രതിഫലിപ്പിക്കുന്നുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ അനുബന്ധം.1 ആയി ചേർത്തിട്ടുണ്ട്.

അക്കൗണ്ടിംഗ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. പണമിടപാട് നടത്തുന്ന എല്ലാ രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നുണ്ട്. രശീതികൾ പ്രീ നമ്പേർഡ് ആണ്. രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മാന്വലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഓരോരുത്തർക്കും Login, Password ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ട്. ഒരാളുടെ പാസ്‌വേർഡ്, ലോഗിൻ എന്നിവ മറ്റുള്ളവർ ഉപയോഗിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തുക ബാങ്കിൽ അടവാക്കുന്നത് തുക കളക്റ്റ് ചെയ്യുന്ന ആൾ അല്ല. ഓരോ ദിവസത്തെയും വരവ് തുക ക്യാഷിന്റെ ചുമതലയുള്ള സെക്ഷൻ ക്ലാർക്കിനെ (Cashier) ഏൽപ്പിക്കുകയും തുകയുടെ കൃത്യത അക്കൗണ്ടന്റ് പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

ആയിരം രൂപക്ക് മുകളിലുള്ള തുകകൾ ചെക്കായിട്ടാണ് നൽകുന്നത്. എല്ലാ പേമെന്റുകൾക്കും കൈപ്പറ്റ് രശീതി വാങ്ങുന്നുണ്ട്. പേമെന്റ് വൗച്ചർ സെക്ഷൻ ക്ലാർക്ക് തയ്യാറാക്കി അക്കൗണ്ടന്റ്, ഹെഡ്ക്ലാർക്ക് എന്നിവർ പരിശോധിച്ച ശേഷം സെക്രട്ടറി ചെക്കിൽ ഒപ്പ് വെക്കുന്നു. എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറിയും പ്രസിഡണ്ടും ഒപ്പ് വെക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ കാലതാമസത്തിന് നിയമപ്രകാരം ഫൈൻ/പിഴപ്പലിശ ഈടാക്കുന്നുണ്ട്. എല്ലാ കളക്ഷനുകളും കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ട്. എന്നാൽ വസ്തുനികുതി മാത്രമാണ് ഡി.സി.ബി. രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ചിരിക്കുന്നത്. ഒരു കെട്ടിടം പൂർത്തിയാവുന്ന മുറയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് റിപ്പോർട്ട് നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ വാർഡ് ക്ലാർക്ക് വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇത് വസ്തു നികിതിയുടെ ചുമതല വഹിക്കുന്ന സീനിയർ ക്ലാർക്ക്, സെക്രട്ടറിക്ക് ഫോർവേർഡ് ചെയ്യുകയും സെക്രട്ടറി ഇതംഗീകരിച്ച് ഡിജിറ്റൽ സിഗ്നേച്ചർ ചെയ്യുന്ന മുറയ്ക്ക് നികുതി ഡിമാന്റ് സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തപ്പെടുകയും ചെയ്യുന്നു. 2019-20 ൽ മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം മാന്വലായി തയ്യാറാക്കുകയാണ് ചെയ്യുന്നത്.

ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിന് നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ട്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെയാണ് പർച്ചേസുകൾ നടത്തുന്നത്. എന്നാൽ പ്രൊക്യൂർമെന്റ് പ്ലാൻ, പ്രൊക്യൂർമെന്റ് ബജറ്റ് ഇവ തയ്യാറാക്കുന്നില്ല. പർച്ചേസ് ഓർഡർ, വർക്ക് ഓർഡർ, കരാറുകൾ എന്നിവ കൃത്യമായി ചമയ്ക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിലെടുക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. പേമെന്റ് നടത്തുന്നതിനു മുൻപ് ഒറിജിനൽ ഇൻവോയ്സ്/ബില്ലിൽ സ്റ്റോക്ക് എൻട്രി വിവരം ചേർത്തിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കുന്നുണ്ട്. എന്നാൽ ആസ്തികളുടെ മൂല്യം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ ഭദ്രമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. പക്ഷെ സ്റ്റോക്ക്&സ്റ്റോർസ്, മറ്റ് വിലപ്പെട്ട രേഖകൾ എന്നിവയ്ക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല. ഉപയോഗയശൂന്യമാകുന്ന വസ്തുവകകൾ കൈയ്യൊഴിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

സർവ്വീസ് ബുക്കുകളും, ലീവ് റെക്കോർഡുകളും അറ്റന്റൻസ് രജിസ്റ്ററും ശരിയായി സൂക്ഷിക്കുന്നുണ്ട്. ടാക്സുകൾ, പി.എഫ്., മറ്റ് നിയമപരമായ റിക്കവറികൾ തുടങ്ങി ജീവനക്കാരിൽ നിന്നും ഈടാക്കുന്നവ കൃത്യമായി അടവാക്കുന്നുണ്ട്.

പഞ്ചായത്ത് മീറ്റിംഗിന് Software (സകർമ) ലൂടെ മിനുട്ട്സ് തയ്യാറാക്കുന്നതിന് സംവിധാനമുള്ളത്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി ഇവയുടെ മിനുട്ട്സുകളും Online സംവിധാനത്തിലേക്കു മാറേണ്ടതുണ്ട്. ഗ്രാമസഭായോഗങ്ങളിൽ ക്വാറം തികയുന്നുണ്ട്.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതാണ്. കൃത്യമായ ആസൂത്രണത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമയബന്ധിതമായ ഇടപെടലിന്റെയും അഭാവത്തിൽ 2019-20 വർഷം സർക്കാരിൽ നിന്നും ലഭ്യമായ ഗ്രാന്റുകളിൽ ₹ 27176178/- ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടു. ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ ലഭ്യമാവാത്ത ഈ കാലഘട്ടത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ഗ്രാമപഞ്ചായത്തിലെ ജനങ്ങളും ഭരണസമിതി അംഗങ്ങളും സെക്രട്ടറിയും

മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും ജീവനക്കാരും ശ്രദ്ധാപൂർവ്വം പ്രവർത്തിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 7.2.2022 | ജനവരി 2022 | ലഭ്യമായിട്ടില്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31-08-2006 | 1997-98 മുതൽ 2005-06 | 10-11-2016 |

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിലെ 1 ഖണ്ഡിക തീർപ്പാക്കുവാൻ അവശേഷിക്കുന്നുണ്ട്. പെർഫോമൻസ് ഓഡിറ്റിന്റെ റിപ്പോർട്ടുകളിലെ 2018-19 വർഷം മുതൽ 2022 ജനവരി വരെയുള്ള റിപ്പോർട്ടുകളിലെ 52 പരാമർശങ്ങൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നുണ്ട്.

## 1-11 ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

1994-ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | ലൈസൻസ് നം. | സ്ഥാപനത്തിന്റെ പേര് | സ്ഥാപനം സ്ഥിതിചെയ്യുന്ന കെട്ടിട നമ്പർ | ലൈസൻസ് അപേക്ഷ പ്രകാരം ജീവന ക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | 184 | ചിന്നൻ സൺസ് ജ്വല്ലറി | 17/53 | 3 |
| 2 | 235 | വിഘ്നേഷ് ഓട്ടോ മൊബൈൽസ് | 15/211 | 6 |
| 3 | 425 | ശവരിയാർ പാളയം ക്ഷീരോത്പാദക സഹകരണ സംഘം | 3/119 | 4 |
| 4 | 311 | വെള്ളാരങ്കൽമേട് APCOS | 10/453 | 3 |
| 5 | 382 | കൊഴിഞ്ഞാമ്പാറ മെഡിക്കൽ സെന്റർ | 5/193 | 2 |
| 6 | 211 | ഹോട്ടൽ മലബാർ ഗ്രീൻ, കരുവപ്പാറ | 18/543 | 9 |
| 7 | 61 | ബിസ്മില്ല എഞ്ചിനീയറിംഗ് വർക്സ് | 5/603 | 3 |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.4/ 17-06-22 ന് മറുപടി ലഭ്യമാക്കിയില്ല.

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലെയും തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-12 ക്ഷീരകർഷകർക്ക് ഇൻസെന്റീവ് നൽകൽ- പാലളവ് സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമായില്ല

ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ക്ഷീരസംഘങ്ങളിൽ അളക്കുന്ന പാലിന് ആനുപാതികമായി (ലിറ്ററിന് 3 രൂപ നിരക്കിൽ) ഇൻസെന്റീവ് നൽകുന്നതിന് രണ്ട് പ്രോജക്ടുകൾ തൻ വർഷം ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പ്രോജക്ടുകളുടെ ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോ.നം., പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ബിൽനം./തീയതി |
|---|---|---|---|---|
| 1 | 34/20, വനിതാ ക്ഷീരകർഷകർക്ക് ഇൻസെന്റീവ് നൽകൽ | 400000 (വികസന ഫണ്ട് ജനറൽ) | 400000 | 6/ 23-11-2019 - 400000 |
| 2 | 125/20, ക്ഷീരകർഷകർക്ക് ഇൻസെന്റീവ് നൽകൽ (സ്പിൽ ഓവർ) | 1047081 (904224- വികസന ഫണ്ട് ജനറൽ, 142857- ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | 904224 | 1. 1/26-04-2019 – 304793<br>2. 2/ 26-04-2019 – 389465<br>3. 3/ 26-04-2019 – 20374<br>4. 4/ 26-04-2019 – 97612<br>5. 5/ 26-04-2019 – 91980<br>ആകെ- 904224 |

ബില്ലുകൾ പ്രകാരം തുകകൾ കർഷകരുടെ അക്കൌണ്ടുകളിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ ബില്ലുകൾക്കൊപ്പം ക്ഷീര സംഘങ്ങളിലേക്ക് പാലളന്നതിന്റെ പാലളവ് സ്റ്റേറ്റ്മെന്റുകൾ ഫയലിൽ ലഭ്യമല്ല. ആയതിനാൽ ഏതൊക്കെ മാസങ്ങളിലെ ഇൻസെന്റീവാണ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളതെന്നോ തുക അനുവദിച്ചതിലെ കൃത്യതയോ ഓഡിറ്റിൽ ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

തുക അനുവദിച്ചതിന് ആധാരമായ പാലളവ് സ്റ്റേറ്റ്മെന്റുകൾ സഹിതം ബില്ലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ- 5/17-06-22)

1-13 ഭവന നിർമ്മാണം എസ് സി പി- പദ്ധതി പൂർത്തീകരിച്ചിട്ടില്ല

പ്രൊജക്ട് നം. 152/20 (സ്പിൽ ഓവർ)

നിർവ്വഹണം-അസി.സെക്രട്ടറി

2016-17 വർഷത്തിൽ (പ്രൊജക്ട് നം.31/17) പ്രകാരം ആരംഭിച്ച ഭവന നിർമ്മാണപദ്ധതിയിലെ ഗുണഭോക്താക്കൾക്ക് തുടർന്നുള്ള ഗഡുക്കൾ അനുവദിക്കുന്നതിനാണ് 2019-20 വർഷത്തിൽ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് 300000/- രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. ഓഡിറ്റ് വർഷത്തിൽ ഈ പദ്ധതി പ്രകാരം 240000/- രൂപ ചെലവഴിച്ചിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ എഗ്രിമെന്റ് ചമച്ച് ആദ്യഗഡുക്കൾ കൈപ്പറ്റിയ ചില ഗുണഭോക്താക്കൾ ഇതുവരെയായി ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

പദ്ധതിയുടെ വാച്ച് രജിസ്റ്ററിലെ രേഖപ്പെടുത്തൽ അനുസരിച്ച് നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം താഴെ ചേർക്കുന്നു.

| രമ | ഗുണഭോക്താവിന്റെ | ആദ്യഗഡു | ആകെ | 2019-20 |
|---|---|---|---|---|

| നം. | പേര്, വിലാസം | നൽകിയ വർഷം | അനുവദിച്ച തുക | വർഷത്തിൽ അനുവദിച്ച തുക |
|---|---|---|---|---|
| 1 | മണികണ്ഠൻ, മണിമുത്തുനഗർ, കൊഴിഞ്ഞാമ്പാറ | 2017-18 | 120000 | 90000 |
| 2 | വേലുമണി കറുപ്പൻ, മണൽതോട് ന്യൂകോളനി | 2017-18 | 270000 | 150000 |

- ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥനും മോണിട്ടറിംഗ് സമിതിയും പരിശോധന നടത്തിയതിന്റെ രേഖകൾ ഇല്ല.
- 2016-17 വർഷത്തെ പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ച് അവസാനഗഡു അനുവദിക്കാത്തതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് രേഖാമൂലം മറുപടി ലഭ്യമാക്കുകയുണ്ടായില്ല. തുടർന്നുള്ള വർഷങ്ങളിൽ ഈ പദ്ധതി സ്പിൽ ഓവറായി ഏറ്റെടുത്തിട്ടില്ല

മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നിർമ്മാണം നടത്താത്തപക്ഷം തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്കായി തുക ഡെപ്പോസിറ്റ് ചെയ്തെങ്കിലും പ്രവർത്തി പൂർത്തീകരണം ഉറപ്പാക്കിയിട്ടില്ല.

### 1-14-1 കെ എസ് ഇ ബി മുഖേന നടപ്പിലാക്കിയ പദ്ധതികൾ

നിർവ്വഹണം-സെക്രട്ടറി

കെ എസ് ഇ ബി മുഖേന നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികൾക്കായി താഴെപ്പറയുന്ന തുക കെ എസ് ഇ ബിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കുകയോ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം. | പ്രൊജക്ട് | ബിൽ നം. | തുക | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | 157/20 | ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കൽ | തനത് ഫണ്ട് വൗച്ചർ നം. 21900687/ 2.11.19 | 71107/- | അസി. എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, നാട്ടുകൽ |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 2 | 234/20 | പള്ളി സ്ട്രീറ്റ് മദീന നഗർ ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | 19/6.11.19-80000 | 80000 | അസി. എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, നാട്ടുകൽ |
| 3 | 158/20 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | തനത് ഫണ്ട് 21900852/3.12.19 | 21398 | കെ എസ് ഇ ബി |

പദ്ധതി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികൾ എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും പ്രവൃത്തി പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതുമാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/15.6.22 ) മറുപടി ലഭ്യമാക്കിയില്ല.

1-14-2 വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തത്

വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികൾക്കായി താഴെപ്പറയുന്ന തുക കെ എസ് ഇ ബിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കുകയോ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് നം. | പ്രൊജക്ട് | ബിൽ നം. | തുക | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|
| 225/20 | ചള്ളപ്പാത മുതൽ മോടമ്പടി വരെ പൈപ്പ് ലൈൻ നീട്ടൽ | തനത് ഫണ്ട്-400000/-<br>21900826/26.11.19 | 400000 | കേരള വാട്ടർ അതോറിറ്റി |

പദ്ധതി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

വാട്ടർ അതോറിറ്റിക്ക് സെന്റേജ് തുക നിക്ഷേപിക്കുന്നതിന്

പദ്ധതി നം.244/20

അടങ്കൽ-1200000 (തനത് ഫണ്ട്)

ചെലവ്-1150000

നിർവ്വഹണം- സെക്രട്ടറി

വൗച്ചർ നം.21900916/21.12.2019

വിവിധ പ്രദേശങ്ങളിലെ 1470 കുടിവെള്ള കണക്ഷൻ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി സെന്റേജ് ചാർജ്, ഡോക്യുമെന്റേഷൻ ചാർജ് എന്നീയിനങ്ങളിലായി വാട്ടർ അതോറിറ്റിയിലേക്ക് 1150000/- രൂപ അനുവദിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റി എത്ര കുടിവെള്ള കണക്ഷൻ ഏറ്റെടുത്തിട്ടുണ്ടെന്നതിന്റെ ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/15.6.22 ) മറുപടി ലഭ്യമാക്കിയില്ല.

ഡെപ്പോസിറ്റ് പ്രവൃത്തികൾ എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും പ്രവൃത്തി പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതുമാണ്.

## 1-15 മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ടെണ്ടർ വ്യതിയാനം കുറവു ചെയ്യാതെ തുക അനുവദിച്ചു

മരാമത്ത് പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിൽ കൃത്യത പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ ലക്ഷ്യമിട്ടത് പ്രകാരം ബില്ലുകളും അളവു പുസ്തകങ്ങളും ടെണ്ടർ രേഖകളും പൊരുത്തപ്പെടുത്തി പരിശോധിച്ചപ്പോൾ താഴെ പറയുന്ന പ്രവൃത്തിയുടെ ബില്ലിൽ നിന്നും ടെണ്ടർ വ്യതിയാനം കുറവു ചെയ്യുവാൻ വിട്ടുപോയിട്ടുള്ളതായി കണ്ടെത്തി.

1) പ്രൊജക്ട് നം.213/20, ജി.എൽ.പി.എസ് പെരുമ്പാറച്ചള്ള സ്കൂൾ ടോയ്‌ലെറ്റ് നിർമ്മാണം

കരാർ ഉറപ്പിച്ചു നൽകിയത് 3.23% കുറവ് തുകയ്ക്കാണ്. ബിൽ തുകയിൽ നിന്നും ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാതെ ബിൽ നൽകിയതിനാൽ 8060 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

2) പ്രൊജക്ട് നം .216/20, കീരക്കാരൻപടി റോഡ് സൈഡ് പ്രൊട്ടക്ഷൻ

കരാർ ഉറപ്പിച്ചു നൽകിയത് 11.1% കുറവ് തുകയ്ക്കാണ്. ബിൽ തുകയിൽ നിന്നും ടെണ്ടർ വ്യതിയാനം 5% (₹4750) മാത്രമാണ് കുറവ് ചെയ്തത്. ടെണ്ടർ വ്യതിയാനം 11.1% (₹10545) കുറവ് ചെയ്യാതെ കരാറുകാരന് ബിൽ തുക അനുവദിച്ചതിൽ 5795 (10545-4750) രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

ആകെ നഷ്ടം - 13855 ( 8060+ 5795)
വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

## 1-16 എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് തീയതി/ ടെണ്ടർ അംഗീ കരിച്ച തീയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാ ക്കേ ണ്ടിയി രുന്ന പിഴ (1%) |
|---|---|---|---|---|---|
